# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **129** **05.12.2014** ൽ മറുപടിക്ക്

## പുരാവസ്തുക്കളുടെയും പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും, സംരക്ഷണവും

ചോദ്യം

ശ്രീ. എം.ഉമ്മർ :

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി.ബി. അബ്ദുൾ റസാക് :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തുക്കളുടെയും, പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും, സംരക്ഷണവും സംബന്ധിച്ച നയം വ്യക്തമാക്കുമോ; അതിനുള്ള മാനദണ്ഡമെന്താണെന്ന വിശദമാക്കുമോ ; | (എ) | 1968 ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ് പുരാവസ്തുക്കളുടെയും പൈതൃക ശേഷിപ്പുകളുടെയും ഏറ്റെടുക്കലും സംരക്ഷണവും നടത്തുന്നത്. ദേശീയ പ്രാധാന്യമില്ലാത്ത പ്രാചീന സ്മാരകങ്ങളും (ചരിത്രപരമായോ, പുരാവസ്തു ശാസ്ത്രപരമായോ, കലാശിൽപപരമായോ, കൗതുക പ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതായ വല്ല നിർമ്മാണമോ,എടുപ്പോ, സ്മാരകമോ, ശ്മശാനമോ, തടങ്കൽ സ്ഥലമോ, ഗുഹയോ, പാറമേലുള്ള ശിൽപവേലയോ, ശിലാലിഖിതമോ, ശിലാസ്തംഭമോ) പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും അതുപോലുള്ള മറ്റു വസ്തുക്കൾ കാത്തുസൂക്ഷിക്കുന്നതിനും പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു. ദേശീയ പ്രാധാന്യമുള്ളവ കേന്ദ്ര പുരാവസ്തു വകുപ്പാണ് സംരക്ഷിക്കുന്നത്. |
| (ബി) | വിവിധ വകുപ്പുകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ളതും പൈതൃകശേഷിപ്പായി സംരക്ഷിക്കപ്പെടേണ്ടവ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ; | (ബി) | സംസ്ഥാനത്തെ പൈതൃക ശേഷിപ്പുക്കളുടെ ആകമാനമുള്ള വിവരശേഖരണം നടത്തിയിട്ടില്ല. പുരാവസ്തുവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവയും പൊതുസമൂഹത്തിൽ നിന്നും ശ്രദ്ധയിൽപ്പെടുന്നതുമായ പൈതൃക ശേഷിപ്പുകളുടെ വിവരശേഖരണം നടത്തുന്ന രീതിയാണ് തുടർന്നു വരുന്നത്. ആകമാനമുള്ള വിവരശേഖരണം ഭാരിച്ച മാനവവിഭവശേഷിയും സാമ്പത്തിക ചെലവും വേണ്ടി വരുന്ന പ്രക്രിയയാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ വിവരശേഖരണം നടത്തി യഥാസമയം നോട്ടിഫൈ ചെയ്യാൻ അലംഭാവം കാണിച്ചതുമൂലം വിലപ്പെട്ടതും സംസ്കാരത്തിന്റെ ഭാഗമായതുമായ നിരവധി പൈതൃകശേഷിപ്പുകൾ നശിപ്പിക്കപ്പെട്ടുപോയ സാഹചര്യത്തിൽ ശേഷിക്കുന്നവയെങ്കിലും സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | പുരാവസ്തു വകുപ്പിന്റെ അധീനതയിൽ നിലവിൽ 171 സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്. കൂടാതെ സംരക്ഷിക്കപ്പെടേണ്ട സ്മാരകങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് അവയെ നിലവിലുള്ള ആക്ടിലെ വ്യവസ്ഥ അനുസരിച്ച് പരിശോധിച്ച് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നു. |

Saradadevi

സെക്ഷൻ ഓഫീസർ